"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഗതാഗത വകുപ്പ് - നവകേരള സദസ്സിൽ അംഗീകരിച്ച വികസന പദ്ധതികളിൽ ഉൾപ്പെട്ട 'തൃശൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ ബസ് ടെർമിനൽ കം ഓഫീസ് കോംപ്ലക്സ്' എന്ന പദ്ധതി പൊതുമരാമത്ത് വകുപ്പ് മുഖേന നിർവ്വഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (എ) വകുപ്പ്**

സ.ഉ.(സാധാ) നം.44/2026/TRANS തീയതി,തിരുവനന്തപുരം, 29-01-2026

---

പരാമർശം:-

1. സ.ഉ.(കൈ.) നം. 1/2025/PIEMD തീയതി 30.05.2025.
2. 04.07.2025-ലെ PIEM 1/51/2025-PIEMD നമ്പർ കത്ത്.
3. സ.ഉ.(സാധാ.) നം. 15/2026/TRANS തീയതി 12.01.2026.
4. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.യുടെ 20.01.2026-ലെ S001/AB05/219/25-Civil-KSRTC-HQ നമ്പർ കത്ത്.
5. 23.01.2026ന് ചേർന്ന Administrative Sanction Committee-യുടെ നടപടികുറിപ്പ്.

**<u>ഉത്തരവ്</u>**

നവകേരള സദസ്സിന്റെ ഭാഗമായി നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉയർന്നു വന്ന വികസന പദ്ധതികളുടെ നടത്തിപ്പിനായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ 1000 കോടി രൂപ പ്രഖ്യാപിക്കുകയും, ഇതിന്റെ ഭാഗമായി വിവിധ പദ്ധതികൾക്കായി 868.01 കോടി രൂപ അംഗീകരിക്കുകയും ഗതാഗത വകുപ്പിന്റെ കീഴിൽ വരുന്ന പദ്ധതികളായ തൃശ്ശൂർ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻ്റ് വികസനം (7 കോടി രൂപ), ഇരിഞ്ഞാലക്കുട KSRTC ഓപ്പറേറ്റിംഗ് യൂണിറ്റിൽ പുതിയ ബസ്സ് ബേയും അതിനുമുകളിൽ ഓഡിറ്റോറിയം നിർമ്മാണവും (3 കോടി രൂപ,) ചാലക്കുടി KSRTC ടെർമിനൽ നിർമ്മാണം (4 കോടി രൂപ) എന്നിവ പരാമർശം (1) പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. നവകേരള സദസ്സിലെ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് ഭരണ വകുപ്പിന്റെ സെക്രട്ടറി അധ്യക്ഷനായ Administrative Sanction Committee, പരാമർശം (2) പ്രകാരം രൂപീകരിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ടി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

2. നവകേരള സദസ്സിൽ അംഗീകരിച്ച വികസന പദ്ധതികളിൽ, ഗതാഗത വകുപ്പിന്റെ കീഴിൽ വരുന്ന 'തൃശൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ ബസ്

ടെർമിനൽ കം ഓഫീസ് കോംപ്ലക്സ്' എന്ന പദ്ധതിയുടെ ഭരണാനുമതിക്കായി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി., പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖേന നിർവഹിക്കുന്നതിന് 7 കോടി രൂപയുടെ എസ്റ്റിമേറ്റ്, പരാമർശം (4) പ്രകാരം സമർപ്പിച്ചിട്ടുണ്ട്. ടി എസ്റ്റിമേറ്റ് **Administrative Sanction Committee** പരിശോധിച്ച് അംഗീകാരം നൽകുകയും **5055-00-190-99-01-PV-Development of Infrastructure & Modernization of Depots & Workshops** എന്ന ശീർഷകത്തിൽ നിന്ന് തുക വിനിയോഗിക്കാമെന്ന് ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നവകേരള സദസ്സ് വികസന പദ്ധതികളിൽ ഉൾപ്പെട്ട, 'തൃശൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ ബസ് ടെർമിനൽ കം ഓഫീസ് കോംപ്ലക്സ്' എന്ന പദ്ധതിക്ക് പൊതുമരാമത്ത് വകുപ്പ് മുഖേന **"5055-00-190-99-01-PV-Development of Infrastructure & Modernization of Depots & Workshops"** എന്ന ശീർഷകത്തിൽ നിന്ന് 7 കോടി രൂപ വിനിയോഗിച്ച് കൊണ്ട് നിർവഹിക്കുന്നതിന്, ചുവടെ ചേർക്കുന്ന വ്യവസ്ഥകളോടെ, ഭരണാനുമതി നൽകി ഉത്തരവാകുന്നു.

1. പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് ഏറ്റവും പുതിയ **SOR** അടിസ്ഥാനമാക്കി **PRICE** സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതാണ്. നിയമപരമായി ഒടുക്കേണ്ട നികുതി ഉൾപ്പെടെയുള്ള എല്ലാ അടവുകളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണം.

2. പ്രോജക്ടിന്റെ നിർവഹണം പൂർത്തിയാകുന്ന മുറയ്ക്ക് നിർദ്ദിഷ്ട ലക്ഷ്യത്തിന് ഉപയോഗിച്ച് തുടങ്ങാൻ കഴിയും വിധം എല്ലാ ഘടകങ്ങളും (ഉദാ: വയറിംഗ്) ഉൾപ്പെടുത്തിയാണ് വിശദ പദ്ധതിരേഖ/വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് ഉറപ്പ് വരുത്തേണ്ടതും പ്രോജക്ട് പൂർണമായും പ്രവർത്തനക്ഷമമാക്കുന്നതിന് ഏതെങ്കിലും ഘടകങ്ങൾ ബാക്കിയുണ്ടാകുകയാണെങ്കിൽ അവ നിർവഹണ ഏജൻസി ആയ പൊതുമരാമത്ത് വകുപ്പ് മുഖേന നിർവഹിക്കേണ്ടതുമാണ്.

3. നവകേരള സദസ്സ് സ്കീമിലുള്ള ടി പ്രോജക്ടിന്റെ നിർമ്മിക്കപ്പെടുന്ന ആസ്തികളുടെ ഉടമസ്ഥാവകാശം കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും തുടർന്ന് അറ്റകുറ്റപ്പണി നടത്തേണ്ടതിന്റെ ഉത്തരവാദിത്തം പൊതുമരാമത്ത് വകുപ്പിനും ആയിരിക്കുന്നതാണ്.

4. നിർദിഷ്ട സ്ഥലം നിർമ്മാണം ആരംഭിക്കുന്നതിന് യോഗ്യമാണെന്നും മറ്റ് വകുപ്പുകളിൽ നിന്ന് നിരാക്ഷേപ പത്രം (NOC) ആവശ്യമുണ്ടെങ്കിൽ അത് ലഭിച്ചിട്ടുണ്ടെന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമുണ്ടെങ്കിൽ അത് ലഭിച്ചിട്ടുണ്ടെന്നും കെ.എസ്.ആർ.ടി.സി. ഉറപ്പു വരുത്തേണ്ടതാണ്.

5.പ്രോജക്ടുകളുടെ സാങ്കേതിക പരിശോധന, സാങ്കേതികാനുമതി, മറ്റ് അംഗീകാരങ്ങൾ, നിർവ്വഹണം, വാങ്ങൽ നടപടികൾ, സൂപ്പർ വിഷൻ, മെഷർമെന്റ്,

ചെക്ക് മെഷർമെന്റ്, ബിൽ തയ്യാറാക്കൽ, എന്നിവയുടെ കാര്യത്തിൽ നിലവിൽ അനുവർത്തിച്ചു വരുന്ന അതേ നടപടി ക്രമങ്ങൾ അവലംബിക്കേണ്ടതാണ്.

**6.**പ്രോജക്ട് പൂർത്തീകരിച്ച് കഴിഞ്ഞാലുടൻ അത് പൊതുജനങ്ങളുടെ ഉപയോഗത്തിനായി ലഭ്യമാക്കേണ്ട താണ്. പൊതു ജനങ്ങളുടെ അറിവിലേക്കായി പ്രോജക്ട് സംബന്ധിച്ച് ഒരു ലഘു വിവരണം, പ്രോജക്ടിന്റെ പേര്, അടങ്കൽ തുക, ആരംഭിച്ച തീയതി, പൂർത്തീകരിച്ച തീയതി, നവകേരള സദസ്സ് സ്കീം പ്രകാരം നടപ്പാക്കിയത് എന്നിവ ഉൾക്കൊള്ളുന്ന ഒരു സൈൻ ബോർഡ് സ്ഥാപിക്കേണ്ടതാണ്.

**7.** സാധാരണയുള്ള എല്ലാവിധ സാമ്പത്തിക ഓഡിറ്റ് പരിശോധനകളും ഈ സ്കീം മുഖേന നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കും ബാധകമായിരിക്കും. ഗുണമേന്മ പരിശോധനകളുടെ ഭാഗമായി നവകേരള സദസ്സ് സ്കീം പ്രകാരം നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഫീൽഡ് പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ **CMD,** കെ.എസ്.ആർ.ടി.സിയെ ചുമതലപ്പെടുത്തുന്നു.

**8.** പൊതുമാനദണ്ഡങ്ങളിൽ നിന്നും വ്യത്യസ്തമായ തീരുമാനങ്ങൾ എടുക്കേണ്ടി വരുന്ന കേസുകളിലും ഭരണാനുമതി പുതുക്കുന്ന കേസുകളിലും സർക്കാർ അനുമതി വാങ്ങേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

ശ്രീ.പി. ബാലചന്ദ്രൻ എം.എൽ.എ. തൃശ്ശൂർ (ആമുഖ കത്ത് സഹിതം)
ചെയർമാൻ **&** മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ (ബിൽഡിംഗ് വിഭാഗം), **PWD.**
ചീഫ് എഞ്ചിനീയർ (ഡിസൈൻ വിഭാഗം), **PWD.**
ചീഫ് ആർക്കിടെക്ട്, **PWD.**
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുമരാമത്ത് വകുപ്പ്.
ജില്ല ട്രഷറി ഓഫീസർ, തിരുവനന്തപുരം.
വിവരപൊതുജനസമ്പർക്ക (വെബ് **&** ന്യൂ മീഡിയ) വകുപ്പ് (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Sudheesh C P
Date: 29-01-2026 13:08:11
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ഗതാഗത വകുപ്പു മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.